**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഫൗസ്തീനാ




1905 ഓഗസ്റ്റ് 25-ാം തീയതി വി.ഫൗസ്തീനാ പോളണ്ടിലെ ലോഡ്സ് എന്ന ഗ്രാമത്തിൽ ജനിച്ചു. കഠിനമായ സഹനങ്ങളിലൂടെ കടന്നുപോകേണ്ടിവന്ന അവൾ വെറും 33 വർഷമേ ഈ ലോകത്തിൽ ജീവിച്ചുള്ളൂ. പ്രേഷിത വേലക്കുവേണ്ടി ഒരിക്കലും കന്യാമഠത്തിനു വെളിയിൽ പോയിട്ടില്ലാത്ത അവളെ വി.ജോൺപോൾ രണ്ടാമൻ മാർപാപ്പാ വിളിച്ചത് 'ഇരുപതാം നൂറ്റാണ്ടിന്റെ പ്രമുഖ പ്രേഷിത' എന്നാണ്. വെറും പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ചിട്ടുള്ള വി.ഫൗസ്തീനായിൽ വലിയ സ്വാധീനം ചെലുത്തിയ ദിവ്യകാരുണ്യഭക്തി, തിരുഹൃദയഭക്തി, മാതാവിനോടുള്ള ഭക്തി, പിന്നീട് അവളിലൂടെ ദൈവം നൽകിയ കരുണയുടെ ഭക്തിയും, ദൈവകാരുണ്യത്തിന്റെ തിരുനാളുമൊക്കെ കത്തോലിക്കസഭ അംഗീകരിച്ച് സഭാമക്കൾക്കു നൽകിയിരിക്കുന്നു. ദൈവസ്നേഹത്തോടൊപ്പം ആത്മാക്കളെ സ്വർഗ്ഗത്തിനായി നേടണമെന്ന പ്രേഷിത തിഷ്ണതയും മുറിക്കപ്പെട്ട് മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതായിതീരുന്ന സ്നേഹവും വി.ഫൗസ്തീനായിൽ ചെറുപ്പം മുതലേ പ്രകടമായിരുന്നു. പാപികൾക്കുവേണ്ടി സ്വജീവിതം ഒരുഹോമബലിയായി അവൾ പിന്നീട് സമർപ്പിച്ചു ജീവിച്ചു.

1935 സെപ്റ്റംബർ 13-ന് ദൈവകാരുണ്യം ലോകത്തിനായി നേടുവാനുള്ള ശക്തമായ ഒരു മാർഗ്ഗത്തെപ്പറ്റി ഈശോ ഫൗസ്തീനായ്ക്കു വെളിപ്പെടുത്തികൊടുത്തു. അവിടുന്ന് തന്റെ ഹൃദയത്തിലെ മുറിവ് കാണിക്കുന്നു. മനുഷ്യകുലത്തിന്റെമേൽ ചൊരിയപ്പെട്ട വലിയ കാരുണ്യപ്രവാഹത്തിന്റെ ഉറവിടമായ തിരുവിലാവ്. ആ തിരുഹൃദയത്തിൽനിന്നും രണ്ടുതരം പ്രകാശരശ്മികൾ ലോകത്തെ പ്രകാശിപ്പിച്ചുകൊണ്ട് ഒഴുകുന്നത് ഫൗസ്തിനാ കണ്ടു. ഈശോതന്നെ ആ രശ്മികളെപ്പറ്റി അവളോടു വിശദീകരിച്ചു പറഞ്ഞു. ഈ രണ്ടു രശ്മികൾ രക്തത്തെയും, ജലത്തെയും സൂചിപ്പിക്കുന്നു. യോഹന്നാൻ 19:34 പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്തവും, വെള്ളവും പുറപ്പെട്ടു.

രക്തം കുരിശിലെ ബലിയേയും, ദിവ്യകാരുണ്യദാനത്തേയും സൂചിപ്പിക്കുന്നു. ജലം യോഹന്നാന്റെ മാമ്മോദീസായേയും, പരിശുദ്ധാത്മാവിന്റെ ദാനത്തെയും സൂചിപ്പിക്കുന്നു. ക്രൂശിതനായ ക്രിസ്തുവിന്റെ ഹൃദയത്തിലൂടെയാണ് ദൈവകാരുണ്യം മനുഷ്യരിലെത്തുന്നത്. ഈശോ ഫൗസ്തിനായോടു പറഞ്ഞു. 'എന്റെ മകളെ ഞാൻ സ്നേഹത്തിന്റെയും, കരുണയുടെയും മൂർത്തീഭാവമാണെന്നു ലോകത്തോടു പറയുക. ദൈവകാരുണ്യത്തിലേയ്ക്കു പ്രത്യാശയോടെ മനുഷ്യകുലം പിന്തിരിയാത്തിടത്തോളം കാലം സമാധാനം കണ്ടെത്തുകയില്ല.'

അടുത്തദിവസം ഫൗസ്റ്റീന ചാപ്പലിലേയ്ക്കു കയറവേ ഒരു ആന്തരികസ്വരം കേട്ടു. 'ഇന്നലെ ഞാൻ നിന്നെ പഠിപ്പിച്ച പ്രാർത്ഥന ഓരോ ദിവസവും ചാപ്പലിൽ കയറുമ്പോഴും നീ പ്രാർത്ഥിക്കുക.' അവൾ അതു പ്രാർത്ഥിച്ചപ്പോൾ വീണ്ടും സ്വരം കേട്ടു. ഈ പ്രാർത്ഥന എന്റെ കോപം ശമിപ്പിക്കാൻ പ്രാപ്തമാണ്. നീ ഇത് ഒൻപതു ദിവസം ജപമാലമണികളിൽ ചൊല്ലണം. ഈ കരുണക്കൊന്ത അവളുടെ സമൂഹത്തിലാരംഭിക്കുവാനും, ലോകം മുഴുവനിലും എത്തിക്കുവാനും ഈശോ അവളോടാവശ്യപ്പെട്ടു. നമ്മുടെ കാലഘട്ടത്തിലെ പ്രത്യേക പ്രശ്നങ്ങൾക്ക് ഉത്തരം തേടി ദൈവകാരുണ്യത്തിലേക്ക് തിരിയണമെന്ന് വി.ജോൺപോൾ രണ്ടാമൻ മാർപാപ്പ കൂടെക്കൂടെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ ഫൗസ്റ്റീനാ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...